**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 326** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസിന് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതി സാങ്കേതികവും നിയമപരവുമായ കാരണങ്ങളാൽ ഒരു വർഷത്തിലധികമായി മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലപ്പുറം ജില്ലയിലെ ഡയാലിസിസ് രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി ഗ്രാമ- ബ്ലോക്ക്- ജില്ല പഞ്ചായത്തിന്റെ സംയുക്ത ആഭിമുഖ്യത്തിൽ പ്രോജക്ട് ഏറ്റെടുക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം അനുവദിക്കുന്നതിനും മലപ്പുറം ജില്ലാ പഞ്ചായത്ത് അഭ്യർത്ഥിച്ചിരുന്നത് പ്രകാരം 14.09.2021 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ 4.32 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് പ്രകാരം മലപ്പുറം ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലേക്ക് സഹായം സ്വീകരിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാൻ ആശുപത്രി അധികൃതർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആശുപത്രികളിലേക്ക് സഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാൻ ആശുപത്രി അധികൃതർ തന്നെ വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ ഇതുമൂലമുണ്ടായിട്ടുള്ള സങ്കീർണതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | മലപ്പുറം ജില്ലയിലെ ഡയാലിസിസ് രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി ഗ്രാമ- ബ്ലോക്ക്- ജില്ല പഞ്ചായത്തിന്റെ സംയുക്ത ആഭിമുഖ്യത്തിൽ പ്രോജക്ട് ഏറ്റെടുക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം അനുവദിക്കുന്നതിനും മലപ്പുറം ജില്ലാ പഞ്ചായത്ത് അഭ്യർത്ഥിച്ചിരുന്നത് പ്രകാരം 14.09.2021 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ 4.32 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് പ്രകാരം മലപ്പുറം ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലേക്ക് സഹായം സ്വീകരിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ |

| | | | |
|---|---|---|---|
| | | | പാലിക്കാൻ ആശുപത്രി അധികൃതർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാർ വ്യവസ്ഥകൾ ലഘൂകരിക്കുവാനും രോഗികളുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് കാലതാമസം കൂടാതെ സഹായം എത്തിക്കുന്നതിനും അനുമതി നൽകുമോ? | (സി) | പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ